# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6748</u> <u>10.07.2014 ൽ മറുപടിക്ക്</u>

### <u>തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ രോഗികൾ കൊല്ലപ്പെട്ട സംഭവം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. വി.ശിവൻകുട്ടി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) 26.06.2014-ൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഒമ്പതാം വാർഡിൽ ഒരു രോഗിയുടെ മർദ്ദനമേറ്റ് രണ്ടുരോഗികൾ കൊല്ലപ്പെടാനിടയായ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ; | എ) ഒമ്പതാം വാർഡിൽ പ്രവേശിപ്പിച്ചിരുന്ന രോഗികൾ തമ്മിലുണ്ടായ വാക്കുതർക്കത്തെ തുടർന്ന് ഒമ്പതാം വാർഡിലെ മെയിൽ സെല്ലിൽ പാർപ്പിച്ചിരുന്ന മണിലാൽ എന്ന 52 വയസ്സുള്ള ഒരു രോഗി പെട്ടെന്ന് അക്രമാസക്തനായി 50 വയസ്സുള്ള കൃഷ്ണൻ എന്ന രോഗിയെയും സുദർശനൻ എന്ന 55 വയസ്സുള്ള രോഗിയേയും മർദ്ദിച്ച് അവശനാക്കുകയും തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലിരിക്കെ രണ്ട് പേരും മരണപ്പെടുകയുമാണ് ഉണ്ടായത്. അവശരായിരുന്ന രണ്ട് രോഗികൾക്ക് കൊടിയ മർദ്ദനം ഏറ്റതിനെ തുടർന്നാണ് മരണമുണ്ടായത്. സംഭവ സമയം രണ്ട് സ്റ്റാഫ് നഴ്സും, രണ്ട് ഹോം നഴ്സും (ഒരു സ്ത്രീയും ഒരു പുരുഷനും) ഒരു ഗ്രേഡ് അറ്റന്റന്റ് എന്നിവർ ഡ്യൂട്ടിയിലുണ്ടായിരുന്നു. നിലവിളി കേട്ട് എത്തിയ സിസ്റ്റർമാരും ഹോം നഴ്സമാരും ചേർന്ന് മണിലാലിനെ പിടിച്ച് മാറ്റുന്ന വേളയിൽ സ്റ്റാഫിനെ അദ്ദേഹം ഉപദ്രവിക്കാൻ ശ്രമിക്കുകയും ചെയ്തു. ബലം പ്രയോഗിച്ച് തന്നെ ഈ രോഗിയെ അടുത്ത ഐസോലേഷൻ മുറിയിലേയ്ക്ക് മാറ്റി. പരുക്കുപറ്റിയ കൃഷ്ണനേയും സുദർശനനേയും ഡ്യൂട്ടി ഡോക്ടർമാർ പരിശോധിച്ച് അടിയന്തിര ചികിത്സ നൽകുകയും, ആശുപത്രി സൂപ്രണ്ടിനേയും, ഡെപ്യൂട്ടി സൂപ്രണ്ടിനേയും, ആർ.എം.ഒ.യെയും അറിയിക്കുകയും ചെയ്തു. ആർ.എം.ഒ ഉടൻ തന്നെ വാർഡിൽ എത്തി അന്വേഷണം നടത്തി പോലീസിനെ വിവരമറിയിക്കുകയും പരുക്കപറ്റിയ രോഗികളെ ആംബുലൻസിൽ ഓക്സിജൻ, |

| | | | |
|---|---|---|---|
| | | | ഐ.വി.ഫ്ലൂയിഡ്സ് എന്നിവയോടുകൂടി സ്റ്റാഫിനോടൊപ്പം 9 മണിയോടെ മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുകയും ചെയ്തിരുന്നു. |
| (ബി) | മാനസിക രോഗത്തിനു ചികിത്സ തേടുന്ന രോഗികളേയും മദ്യാസക്തിയുള്ള രോഗികളേയും ഈ ആശുപത്രിയിലെ ഒമ്പതാം വാർഡിൽ മറ്റു രോഗികളോടൊപ്പമാണോ കിടത്തി ചികിത്സിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | അഗതികളായ രോഗികളെ മാത്രം പ്രവേശിപ്പിക്കുന്ന വാർഡാണ് വാർഡ്-9. ഇവിടെ പുരുഷന്മാരേയും, സ്ത്രീകളേയും രണ്ട് വിഭാഗങ്ങളാക്കിയാണ് പാർപ്പിച്ചിരിക്കുന്നത്. മദ്യാസക്തിയുള്ളവരെയും മാനസിക രോഗികളേയും ഒമ്പതാം വർഡിൽ സാധാരണയായി പ്രവേശിപ്പിക്കാറില്ല. |
| (സി) | പ്രസ്തുത ഒമ്പതാം വാർഡിൽ എന്തൊക്കെ സുരക്ഷാ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ ? | (സി) | ചുറ്റുമതിലും ഗേറ്റുമുള്ള വളപ്പിൽ വളരെ കെട്ടുറപ്പുള്ള കെട്ടിടത്തിലാണ് ഒമ്പതാം വാർഡ് പ്രവർത്തിക്കുന്നത്. ഇവിടെ ഡ്യൂട്ടിയ്ക്കായി രണ്ട് ഹെഡ് നഴ്സുമാർ, 10 സ്റ്റാഫ് നഴ്സുമാർ (ഒരു മെയിൽ നഴ്സ് ഉൾപ്പെടെ) ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-I-1, ഗ്രേഡ് II -8, നഴ്സിംഗ് അസിസ്റ്റന്റ്-4, ഹോം നഴ്സ്-9 (രണ്ട് മെയിൽ നഴ്സ് ഉൾപ്പെടെ) ഒരു ഗേറ്റ് കീപ്പർ ഉൾപ്പെടെ, 35 സ്റ്റാഫ് ആണ് ഉള്ളത്. ഇതിനു പുറമേ ആശുപത്രി സെക്യൂരിറ്റി സ്റ്റാഫിന്റെയും എയ്ഡ് പോസ്റ്റ് പോലീസിന്റെയും തുടർച്ചയായുള്ള നിരീക്ഷണത്തിലാണ് ഒമ്പതാം വാർഡ്. വാർഡിന്റെ 4 ഭാഗങ്ങളിൽ നിന്നുമുള്ള ദൃശ്യങ്ങൾ സി.സി.റ്റി.വി മുഖേന സൂപ്രണ്ടിന്റെ മുറിയിൽ കാണാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.